# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 564 — 09-02-2016-ൽ മറുപടിക്ക്

## വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ

### ചോദ്യം

ശ്രീ. പി.തിലോത്തമൻ

(എ) ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലരും ശ്രമിക്കുന്നുവെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമ തടസ്സങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും ഉദ്യോഗസ്ഥരുടെ നിസ്സഹകരണവും മൂലം അതിനു കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു പറയാമോ ;

### ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിക്ഷേപ നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട മന്ത്രിമാരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഈ പ്രോജക്ടുകൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡും, എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും, പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറി ശ്രീ മാധവൻ നമ്പ്യാർ ചെയർമാനായി ഇൻവെസ്റ്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി പത്രങ്ങളും ലൈസൻസുകളും ലഭിയ്ക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഏകജാലക

ക്ലിയറൻസ് ബോർഡ് പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നീ പുതിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിനുവേണ്ടി ഹാൻഡ്ഹോൾഡിംഗ് സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.

സംരംഭകത്വ സംസ്ക്കാരം വളർത്തിയെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കും സംരംഭക വികസന ക്ലബ്ബിലെ അംഗങ്ങളായ വിദ്യാർത്ഥികൾ, പുതു സംരംഭകർ എന്നിവർക്കും വിവിധ മേഖലകളിൽ ബോധവത്ക്കരണം നടത്തി വരുന്നു.

**(ബി)** വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങളും വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സാങ്കേതിക തടസ്സങ്ങളും ഒരു ഏക ജാലക സംവിധാനത്തിലൂടെ പരിഹരിക്കുന്നതിനും ഇതിന്റെ നടപടികൾ മറ്റ് ഇടപെടലുകൾക്ക് സാദ്ധ്യതയില്ലാത്ത വിധം സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

**(ബി)** 1999 ൽ നിലവിൽ വന്ന കേരള വ്യവസായ ഏകജാലക ക്ലീയറൻസ് ബോർഡുകളിൽ ഓൺലൈൻ സംവിധാനം, സേവന മേഖലയെ ഉൾപ്പെടുത്തൽ തുടങ്ങിയ ഭേദഗതികൾ സർക്കാർ പരിശോധിച്ചു വരുന്നു.

ഓൺലൈൻ ഏക ജാലക സംവിധാനത്തിന്റെ സോഫ്ട്വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങളുടെ സംവിധാനം കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ആലോചിക്കുന്നു.

സെക്ഷൻ ഓഫീസർ